**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2625** **13-02-2024 - ൽ മറുപടിയ്ക്ക്**

**പെട്രോളിനും ഡീസലിനും സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തിയ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പെട്രോളിനും ഡീസലിനും സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തിയതിന് ശേഷം ഇവയുടെ വിറ്റ് വരവിൽ കുറവ് രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇവ ഏർപ്പെടുത്തുന്നതിന് തൊട്ട് മുൻപുള്ള വർഷം സംസ്ഥാനത്തിന് ഈ ഇനത്തിൽ കിട്ടേണ്ടുന്ന വിഹിതങ്ങളിൽ എത്ര തുക സമാഹരിച്ചു; ഇവ ഏർപ്പെടുത്തിയതിന് ശേഷം എത്ര തുക സമാഹരിച്ചു; കണക്ക് ലഭ്യമാക്കുമോ; | (എ) | 2023 ലെ കേരള ധനകാര്യ നിയമപ്രകാരം, 2023 - 24 സാമ്പത്തിക വർഷം ഏപ്രിൽ മുതലാണ് പെട്രോൾ, ഡീസൽ എന്നിവയ്ക്ക് ലിറ്ററിന് രണ്ട് രൂപ നിരക്കിൽ സാമൂഹ്യ സുരക്ഷ സെസ് ഏർപ്പെടുത്തിയത്.<br><br>Tax, Additional Sales Tax, Cess ഉൾപ്പെടെ പെട്രോൾ, ഡീസൽ ഇനത്തിൽ 2022 - 23 സാമ്പത്തിക വർഷം ജനുവരി വരെ നികുതിയിനത്തിൽ 8655.82 കോടി രൂപയും (Provisional), 2023 - 24 സാമ്പത്തിക വർഷം ജനുവരി വരെ നികുതിയിനത്തിൽ 9101.07 കോടി രൂപയും (Provisional) ലഭിച്ചിട്ടുണ്ട്. |
| (ബി) | പെട്രോളിനും ഡീസലിനും സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തിയതിന് ശേഷം അയൽസംസ്ഥാനങ്ങളിലെ പെട്രോൾ പമ്പുകളിൽ നിന്നും വാഹനങ്ങളിൽ ഇന്ധനം നിറയ്ക്കുന്ന പ്രവണത കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സെസ് ഏർപ്പെടുത്തുന്നതിന് മുൻപ് ലഭിച്ചിരുന്ന നികുതി വിഹിതത്തിൽ വലിയ ചോർച്ച ഉണ്ടാകുന്നുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | പെട്രോളിനും ഡീസലിനും സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തിയതിന് ശേഷം അയൽസംസ്ഥാനങ്ങളിലെ പെട്രോൾ പമ്പുകളിൽ നിന്നും വാഹനങ്ങളിൽ ഇന്ധനം നിറയ്ക്കുന്ന പ്രവണത കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കഴിഞ്ഞ വർഷത്തെ ഇതേ കാലയളവുമായി താരതമ്യം ചെയ്യുമ്പോൾ പെട്രോളിൽ നിന്നുള്ള നികുതി വരുമാനത്തിൽ 2024 ജനുവരി മാസം വരെ 9.13 ശതമാനം വർദ്ധനവും ഡീസലിൽ നിന്നുള്ള നികുതി വരുമാനത്തിൽ 0.67% വർദ്ധനവും ഉണ്ടായിട്ടുണ്ട്. |
| (സി) | പെട്രോളിനും ഡീസലിനും ഏർപ്പെടുത്തിയ സെസ് പിൻവലിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (സി) | പെട്രോളിനും ഡീസലിനും ഏർപ്പെടുത്തിയ സെസ് പിൻവലിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ